# യൂദാ ഈസ്ക്കരിയോത്താ

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

കഴിഞ്ഞ ദിവസം യൂദാഈസ്ക്കരിയോത്തായെക്കുറിച്ച് എഴുതിയപ്പോൾ പലക്കും വളരെയധികം സംശയം ഉണ്ടായി. എന്നാൽ ആരും വിവാദപരമായി അതിനെ കണ്ടില്ല. ഒരിക്കലും വിശ്വസിക്കാൻ സാധിക്കാത്ത നഗന സത്യങ്ങൾ കേൾക്കുമ്പോൾ ആക്കും നെറ്റി ചുളിയുക എന്നത് സ്വാഭാവികമാണല്ലോ! അതിൽ ഞാനാരേയും കുറ്റപ്പെടുത്തുന്നില്ല.

അതൊരു കഥയല്ല; സങ്കല്പത്തിൽ നിന്നും മെനഞ്ഞെടുത്തതല്ല. എന്നാൽ ഈ വിവരങ്ങൾ എവിടെ നിന്നു കിട്ടി എന്നത് സാധാരണ ആക്കും ആകാംക്ഷ ഉള്ള കാര്യമാണല്ലോ.

യൂദാഈസ്ക്കരിയോത്താ എന്റെ സ്വന്തക്കാരനോ ,സഹോദരവൃന്ദത്തിൽപ്പെട്ടതോഅല്ല. എന്റെ സുഹൃത്തവലയത്തിൽപ്പെട്ട ഒരാളുമല്ല. ഈ വിവരങ്ങൾ എവിടെ നിന്നു കിട്ടി എന്ന ചോദത്രിന് അപ്പം തിന്നാൽപോരെ, കുഴി എണ്ണേണ്ടതില്ല എന്ന തക്കുത്തരം കൊടുക്കുന്നതും ശരിയല്ല.

ഒരു ജീവതകാലം മുഴുവനും യേശുവിനു വേണ്ടി ബലി അപ്പിക്കപ്പെട്ട ഒരു മെഴുകുതിരിയായിരുന്നു യൂദാഈസ്ക്കരിയോത്താ. അവന് ഏഴു വയസ്സുള്ളപ്പോൾ അവൻ യേശുവിൽ വിശ്വസിച്ചു. എന്നാൽ യേശു ദൈവമാണെന്ന് അവൻ വിശ്വസിച്ചു കാണില്ല എന്നതു സത്യമാണ്. യേശുവിന്റെ വിചാരങ്ങളും പദ്ധതികളും അവനോ അതുപോലെ യേശുവിന്റെ കൂടെ നടന്നിരുന്ന പന്ത്രണ്ടു ശിഷ്യന്മാക്കോ അറിയത്തില്ലായിരുന്നല്ലോ.

യേശുവിന്റെ കൂടെ ദീഘകാലം കഴിഞ്ഞിരുന്ന വ്യക്തിയും യൂദാഈസ്ക്കരിയോത്താ ആയിരുന്നല്ലോ. മറ്റുള്ള ശിഷ്യന്മാർ കേവലം മൂന്നോ മൂന്നരയോ വഷം മാത്രം യേശുവിന്റെ കൂടെ കഴിച്ചു കൂട്ടിയിരുന്നെങ്കിൽ യൂദാഈസ്ക്കരിയോത്താ ഇരുപത്തഞ്ചരവഷം കഴിച്ചുകൂട്ടിയിട്ടുട്ടുണ്ടല്ലോ. യേശുവിന് കേവലം പതിനെട്ടു വയസ്സുള്ളപ്പോൾ യൗസേപ്പ് പിതാവ് ഇഹലോകം വെടിഞ്ഞപ്പോൾ മുതൽ ആ വീട്ടിലെ കാര്യസ്ഥനായി ആ വീട്ടിലെ എല്ലാ കാര്യങ്ങളും നോക്കി നടത്തിയിരുന്നത് യൂദാഈസ്ക്കരിയോത്താ ആയിരുന്നല്ലോ. യേശു ആ കാലഘട്ടത്തിൽ വെറും ഒരു സാധാരണ തച്ചനായി ജീവിക്കുകയായിരുന്നല്ലോ. യൗസേപ്പ് പിതാവും മറിയാമും യേശുവും യൗസേപ്പ് പിതാവിന്റെ ആദ്യ ഭാര്യയിൽ ഉണ്ടായ രണ്ട് ഇളയപുത്രന്മാരുമടങ്ങുന്ന ആ ദരിദ്ര കുടുംബത്തിന് ഉപജീവനം കഴിയണമെങ്കിൽ തച്ചപണിയല്ലാതെ വേറെ മാഗ്ഗങ്ങളൊന്നുമില്ലായിരുന്നു. യേശു മാത്രമേ ആ പണി ചെയ്തിരുന്നുള്ളു; ആ കു ടുംബത്തിൽ. യേശു പണി ചെയ്തിരുന്നിടത്ത് വെറെ ആരും കയറി ചെല്ലുന്നത് യേശുവിന് ഇഷ്ടവുമല്ലായിരുന്നു. എന്നാൽ ക്രയവിക്രയം യേശു നടത്തിയിരുന്നില്ല. സാധനങ്ങൾ വാങ്ങുന്നതിനും അതുപോലെ വിൽക്കുന്നതും അവിടെയുണ്ടാകുന്ന പണമിടപാടകാര്യങ്ങളും യൂദാഈസ്ക്കരിയോത്താ ആയിരുന്നു നടത്തിയിരുന്നത്. യേശുവിന്റെ ജീവിതകാലം മുഴുവനും അവൻ പണത്തെ ക്രയവിക്രയത്തിനായ് സ്പശിച്ചിരുന്നില്ലല്ലോ. യൂദാഈസ്ക്കരിയോത്താ വളരെ മാന്യമായും മിതമായും ആയിരുന്നു പണമിടപാടുകൾ നടത്തിയിരുന്നത്; അവൻ വളരെ വിശ്വസ്തനായിരുന്നു. അവന്റെ ജീവിതകാലം മുഴുവനും അവൻ ആരേയും വഞ്ചിച്ചിട്ടില്ല. ഏകദേശം യേശുവിനെപ്പോലെ സുന്ദരനായിരുന്നുയൂദാഈസ്ക്കരിയോത്താ ലോകത്ത് ഇതുവെരെ ജനിച്ചവരിൽ ഏറ്റവും സുന്ദരൻ യേശുവും ഏറ്റവും സുന്ദരി കന്യകമറിയാമും ആയിരുന്നല്ലോ. എന്നാൽ യേശു എപ്പോഴും വളരെ വിരൂപനായി ആയിരുന്നു ജീവിച്ചത്. അവന്റെ മുടിയോ മീശയോ താടിയോ വെട്ടുകയോ വൃത്തിയാക്കുകയോ ചീകി വെടിപ്പായി നടക്കുകയോ ചെയ്തിരുന്നില്ലല്ലൊ. വേദപുസ്തകപ്രകാരം ലോകത്തിൽ ജനിച്ചപ്പോൾ മുതൽ അവസാനം വെരെ ക്ഷുരകനെ അറിയാത്തവർ നാലു പേരാണല്ലോ; പുതിയ നിയമപ്രകാരം രണ്ടു പേരും; പഴയ നിയമപ്രകാരം രണ്ടു പേരും. യേശുവും, സ്നാപകയോഹന്നാനും, ശമുവേൽ പ്രവാചകനും ശിംശോനും.

ഇതെല്ലാം എവിടെ നിന്നു കിട്ടി: Missing Parts of New-testament, Missing Parts of Oldtestament Biblical History, History of Forefathers, History of Carpenter Joseph, പരിശുദ്ധ കന്യകമറിയാമ്മിന്റെ ജീവചരിത്രം. തുടങ്ങി നിരവധി പുസ്തകങ്ങൾ വളരെ പ്രാത്ഥനയോടും ധ്യാനത്തോടും കൂടി നിത്തി നിത്തി വായിച്ച് ചിന്തിച്ച് പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കുമല്ലോ. ഓരോ സമയത്ത് ഇത് ഓരോന്നും വായിച്ചപ്പോൾ നോട്ടെഴുതിയതെല്ലാം കൂടെ സമഗ്രഹിച്ച് ചുരുക്കി എഴുതിയതാണ് എന്റെ മുൻ ലേഖനം. വളരെയധികം തിരക്കിൽ കഴിയുന്ന നമ്മൾക്ക് ദീഘമായ ലേഖനങ്ങൾ എഴുതിയാൽ അത് വായിക്കാൻ സമയം കാണത്തില്ലന്ന് എനിക്കറിയാം. പോരാത്തതിന് വിശുദ്ധ നാടുകളിൽ പോയി പലതും നേരിൽ കാണാൻ കൂടി കഴിഞ്ഞപ്പോൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. ഞാൻ പഠിച്ചതും മനസ്സിലാക്കിയതുമായ നല്ല നല്ല കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുക മാത്രമാണ് ഞാൻ ചെയ്തത്..

ഇപ്പറഞ്ഞ കാര്യങ്ങൾ ഒരു മെത്രാച്ചനോ ഒരച്ചനോ പറഞ്ഞിരുന്നെങ്കിൽ ആക്കും ഒരു സംശയവും ഉണ്ടാകത്തില്ലായിരുന്നു; ഇതെല്ലാം എവിടെ നിന്നു കിട്ടിയെന്ന ചോദ്യവും ഉണ്ടാകത്തില്ലായിരുന്നെനിക്കറിയാം. ഒരു ഭ്രാന്തൻ വിളിച്ചു പറയുന്നത് ഭ്രാന്താണെന്നും; ഒരു വിഢി വിളിച്ചു പറയുന്നതെല്ലാം വിഢിത്വമാണെന്നും; ഒരു പണ്ഡിതൻ പറയുന്നതെല്ലാം ജ്ഞാനമാണെന്നുമാണല്ലോ നാമെല്ലാം ധരിച്ചു വെച്ചിരിക്കുന്നത്. എന്നാൽ കുപ്പയ്ക്കിടയിലും മാണിക്യം ഉണ്ടെന്ന് സാധാരണ നമ്മളാരും കരുതുകയില്ലല്ലോ.

കൂരിരുട്ടിൽ എവിടെ ഒരു കത്തിച്ച മെഴുകുതിരി ഒളിച്ചുവെച്ചാലും അതിന്റെ പ്രഭ ഒരല്പമെങ്കിലും വെളിക്കു കാണാതിരിക്കത്തില്ലല്ലോ. സൗരഭ്യമുള്ള ഒരു പുഷ്പം എവിടെ ഒളിച്ചുവെച്ചാലും അതിന്റെ ഒരല്പം സൗരഭ്യമെങ്കിലും അതിചാരത്തെങ്കിലും കിട്ടാതെ വരുമോ?

നമ്മൾ കേരളീയർ കഞ്ഞിയും കപ്പയും തിന്നു നടക്കുന്നവരോട് ഇറച്ചിയും മീനും കൂട്ടാമെന്നു പറഞ്ഞാൽ അത്രയും ദ്രോഹകരമായ കാര്യം വേറൊന്നുമില്ല; ഒരു ജീവിയോ കൊന്നു തിന്നാണോ മനുജൻ ജീവിക്കേണ്ടതെന്നു പറഞ്ഞ് നമ്മൾ എന്തെല്ലാം കാട്ടികൂട്ടും. അവരോട് വേദം പറഞ്ഞാൽ അവക്ക് ദഹിക്കത്തില്ലല്ലോ. നമ്മൾ കൂടുതൽ കൂടുതൽ വായിക്കുന്തോറും കൂടുതൽ അറിവുകൾ കിട്ടികൊണ്ടിരിക്കും; അങ്ങിനെ കിട്ടുന്ന നല്ല നല്ല കാര്യങ്ങൾ മറ്റുള്ളവക്ക് പങ്കു വെച്ചു കൊടുക്കുന്നതിനു പകരം ആവശ്യമില്ലാത്ത പല കാര്യങ്ങളും ഫോറത്തിലും മറ്റും എഴുതി സമയം വൃഥാ ചെലവഴിച്ചതുകൊണ്ട് എന്തു നേടാൻ കഴിയും?

യൂദാഈസ്ക്കരിയോത്താ എന്തു തെറ്റാണ് ചെയ്തത്? അവൻ ജനിക്കുന്നതിന് മുമ്പ് അവനോട് ദൈവം ആവശ്യപ്പെട്ടത് അവൻ അനുസരിച്ചു. മനുഷ്യനായി ജീവിച്ചപ്പോൾ മാനുഷീകമായി ചിന്തിച്ച് പ്രവത്തിച്ചു. അതേ സമയം യേശുവിനെ കുരിശക്കാൻ പോയപ്പോൾ അവനു കിട്ടിയ പണവുമായി അവൻ ഒളിച്ച് മാറി വേറേ രാജ്യത്ത് പോയി താമസിച്ചോ? യേശുവിനെ കുരിശിക്കാൻ കൊണ്ടുപോയപ്പോൾ അവൻ ദുഃഖിതനായില്ലായിരുന്നെങ്കിൽ ആ പണം തിരിച്ചു കൊടുക്കാൻ ഒരിക്കലും പോകത്തില്ലായിരുന്നല്ലോ! അപ്പോൾ അവന് കുറ്റബോധമുണ്ടായി കാണണമല്ലോ! സ്വാഭാവികമായിട്ട്. അവന് പശ്ചാത്താപ ബോധമുണ്ടായില്ലങ്കിൽ ഒരിക്കലും അവൻ കെട്ടിഞാന്നു ചാകത്തില്ലായിരുന്നു.

അതേ സ്ഥാനത്ത് ഞാനുൾപ്പെടെ നമ്മളാകെരങ്കിലുമായിരുന്നെങ്കിൽ ഇതിലുമപ്പുറം എന്തും കാട്ടത്തില്ലായിരുന്നോ? ഇന്ന് ഞാനുൾപ്പെടെ നമ്മളോരോരുത്തരും കാട്ടികൂട്ടുന്നതെന്തെല്ലാമണ്. ആ ആശാരി ചെക്കന്റെ കൂടെ നമ്മളാരെങ്കിലും ആയിരുന്നെങ്കിൽ അവിടെ നിന്നും കിട്ടാവുന്നതെല്ലാം കട്ടു മുടിച്ചതിനുശേഷം വിശുദ്ധ പുസ്തത്തിൽ പറയുന്നതു പോലെ (ഒരുവൻ തന്റെ അപ്പന്റെ ഭാര്യയുടെ കൂടെ ശയിക്കുന്നതിനേക്കാൾ മ്ലേഛമായി എന്തുള്ളു) യൂദാഈസ്ക്കരിയോത്തോവിനേക്കാൾ കേവലം എട്ടു വയസു പ്രായകൂടുതലുള്ള സുന്ദരിയായ മാതാവിനോട് എന്തനീതിയും കാട്ടികൂട്ടിയതിനുശേഷം നാടു വിട്ടുപോയി ലോകത്തെ വിടെയെങ്കിലും സുഖമായി ജീവിക്കത്തില്ലായിരുന്നോ?

യൂദാഈസ്ക്കരിയോത്താ യേശുവിന്റെ കൂടെ താമസിക്കാൻ വരുന്നതിനു മുമ്പേ അവനെ അറിഞ്ഞിരുന്നല്ലോ! അങ്ങിനെയുള്ളവനെ എന്തിന് കൂടെ താമസിപ്പിച്ച് ഏറ്റവും അവസാനം അവന്റെ കാലു വെരെ കഴുകി? യേശു ഒരു വിഢിയാണെന്ന് ആരും കരുതരുത്. അവന് എല്ലാം മുൻകൂട്ടി അറിയാമായിരുന്നു. അതുകൊണ്ടാണല്ലോ അവസാന ഭോജനത്തിനിരുന്നപ്പോൾ പറഞ്ഞത് ''നീ പോയി ചെയ്വാനുള്ളത് ചെയ്ക'' എന്നു പറഞ്ഞു വിടുന്നത്. തന്നെ ഒറ്റുകൊടുക്കാനുള്ളവനെന്നറിഞ്ഞ് അവന്റ് കാല് നമ്മളാരെങ്കിലും കഴുകി അവന് ഭക്ഷണവും കൊടുത്ത് പറഞ്ഞു വിടുമോ?

മാനുഷീകമായ ഒരു സ്ഥാനം കിട്ടാൻ നമ്മളും ഇതിലപ്പുറം എന്തും ചെയുകയില്ലേ! യേശു രാജത്വം പ്രാപിച്ചു വരുമ്പോൾ ആ രാജ്യത്തെ ധനകാര്യമന്ത്രി എന്ന ഏറ്റവും പരമോന്നതമായ സ്ഥാനം കിട്ടാൻ നമ്മളും ഇതിലപ്പുറം എന്തും ചെയ്യത്തില്ലേ! നമ്മുടെ എളിയ ബുദ്ധിയിൽ ഇതെല്ലാം ചിന്തിക്കാൻ സാധിക്കുമല്ലോ.

ഇത് വേദപിപരീതമെന്ന് പറഞ്ഞ് കല്ലെറിയരുതെന്നപേക്ഷിക്കുന്നു.